**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4707** **19.05.2017-ൽ മറുപടിയ്ക്ക്**

**ചേലക്കര മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ**

**ചോദ്യം**
**ശ്രീ.യു. ആർ. പ്രദീപ്**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികൾ ഉണ്ട്; അവയുടെ പേരുവിവരം വ്യക്തമാക്കാമോ; | എ) | തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിൽ 4 പട്ടികവർഗ്ഗ കോളനികളുണ്ട്. അവയുടെ പേര് വിവരം ചുവടെ ചേർക്കുന്നു.<br>1. കളപ്പാറ കോളനി (ചേലക്കര ഗ്രാമപഞ്ചായത്ത്)<br>2. മാട്ടിൻമുകൾ കോളനി (പഴയന്നൂർ ഗ്രാമപഞ്ചായത്ത്)<br>3. മാൻകുളമ്പ് കോളനി (പഴയന്നൂർ ഗ്രാമപഞ്ചായത്ത്)<br>4. തിരുമണി കോളനി (പഴയന്നൂർ ഗ്രാമപഞ്ചായത്ത്) |
| ബി) | അവയിൽ ഓരോന്നിലും എത്ര കുടുംബങ്ങൾ വീതമുണ്ട്; ഓരോ കുടുംബത്തിലും ഉൾപ്പെട്ടവരുടെ പേരുവിവരം വ്യക്തമാക്കുമോ; | ബി) | കളപ്പാറ കോളനിയിൽ 22 കുടുംബങ്ങൾ ഉൾപ്പെടുന്നു (ടി കോളനിയിലെ ആകെ ജനസംഖ്യ 79)<br>മാട്ടിൻമുകൾ കോളനിയിൽ 20 കുടുംബങ്ങൾ ഉൾപ്പെടുന്നു. (ടി കോളനിയിലെ ആകെ ജനസംഖ്യ 56)<br>മാൻകുളമ്പ് കോളനിയിൽ 13 കുടുംബങ്ങൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്നു. (ടി കോളനിയിലെ ആകെ ജനസംഖ്യ 42)<br>തിരുമണി കോളനിയിൽ 35 കുടുംബങ്ങൾ ഉൾപ്പെടുന്നു. (ടി കോളനിയിലെ ആകെ ജനസംഖ്യ 124)<br>ഓരോ കുടുംബത്തിലും ഉൾപ്പെട്ടവരുടെ പേര് വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |
| സി) | ഇതിൽ സ്വന്തമായി വീടില്ലാത്ത എത്ര കുടുംബങ്ങളുണ്ട്; | സി) | ഇതിൽ സ്വന്തമായി വീടില്ലാത്ത 9 കുടുംബങ്ങളുണ്ട്. |
| ഡി) | വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് വച്ചുനൽകുന്നതിന് പട്ടികവർഗ്ഗവികസന വകുപ്പ് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | ഡി) | ടി 9 കുടുംബങ്ങളിൽ 8 കുടുംബങ്ങളും ഭൂരഹിതരാണ്. ടി കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനും, ഭൂമിയുള്ള ഒരു കുടുംബത്തിനും വീട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |

Harisprasad

സെക്ഷൻ ഓഫീസർ